Approved By Prof. Dr. C. Latha (DIRECTOR (ACADEMICS AND RESEARCH)) on 22/05/2023 09:30 AM
(The document is digitally approved and does not require any Seal or Signature in original)

# ഡയറക്ടർ ഓഫ് അക്കാഡമിക്സ് ആന്റ് റിസർച്ച് നടപടിക്രമം
# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല
# പൂക്കോട്, വയനാട് – 673576

**(സംഗ്രഹം)**

സർവ്വകലാശാലയിലെ വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് അന്തർ കോളേജ് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് തുടരുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഡയറക്ടറേറ്റ് ഓഫ് അക്കാഡമിക്സ് ആന്റ് റിസർച്ച്**

നമ്പർ. KVASU/DAR/B3-32346/2022(1) തീയതി, പൂക്കോട്, 22/05/2023

സൂചന:- 1. ഈ ഓഫീസിലെ 31/10/2022 തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 03/01/2023 തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. മുപ്പത്തിഅഞ്ചാമത് അക്കാദമിക് കൗൺസിലിൽ യോഗത്തിന്റെ നടപടികുറിപ്പുകൾ (item no.35. D.6)

## ഉത്തരവ്

സൂചന (1) പ്രകാരം കെ.വി.എ.എസ്.യു- മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥിക്ക് കോളേജ് മാറ്റം ലഭിക്കുകയാണെങ്കിൽ, സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അക്കാദമിക് കൗൺസിലെ സാധൂകരണത്തിന് വിധേയമായി പുറപ്പെടുവിച്ചിരുന്നു.

34)മത് അക്കാദമിക് കൗൺസിൽ യോഗം ടി വിഷയം തീരുമാനം കൈകൊള്ളുന്നതിനായി മാറ്റി വച്ചതിനനുസരിച്ച് സൂചന (2) പ്രകാരം മേൽ ഉത്തരവ് അക്കാദമിക് കൗൺസിലിൽ തീരുമാനം കൈകൊള്ളുന്നതു വരെ താത്കാലികമായി റദ്ദ് ചെയ്തിരുന്നു.

പ്രസ്തുത വിഷയം 35)മത് അക്കാദമിക് കൗൺസിൽ യോഗം വിശദമായി പരിശോധിക്കുകയും, ടി യോഗത്തിന്റെ തീരുമാനമനുസരിച്ച്, കെ.വി.എ.എസ്.യു- മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ലഭിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥി കോളേജ് മാറ്റം വഴി സർവ്വകലാശാലയുടെ മറ്റ് കോളേജിൽ ചേരുന്ന പക്ഷം സ്വീകരിക്കുന്നതിനുള്ള നടപടികൾക്കായി ചുവടെ ചേർത്തിട്ടുള്ള പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. കെ.വി.എ.എസ്.യു- മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥിക്ക് കോളേജ് മാറ്റം ലഭിക്കുകയാണെങ്കിൽ, ടി വിദ്യാർത്ഥിക്ക് പ്രസ്തുത കോളേജിൽ നിന്ന് ടി സ്കോളർഷിപ്പ് തുടർന്ന് ലഭിക്കുന്നതിനുള്ള അർഹത തുടർ വർഷങ്ങളിൽ നഷ്ടമാകുന്നതാണ്. ടി ഒഴിവിലേക്ക് നിലവിൽ കോളേജിൽ പഠനം തുടരുന്ന മറ്റ് വിദ്യാർത്ഥികളെ പരിഗണിക്കാവുന്നതുമാണ്.
2. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ലഭിച്ചു കൊണ്ടിരിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥിക്ക് കോളേജ് മാറ്റം ലഭിക്കുകയാണെങ്കിൽ, ടി വിദ്യാർത്ഥി തനിക്ക് സ്കോളർഷിപ്പ് വേണ്ട എന്നുള്ളത് എഴുതി സമർപ്പിക്കേണ്ടതാണ്. ടി വിദ്യാർത്ഥിക്ക് തുടർ വർഷങ്ങളിൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല.
3. വിദ്യാർത്ഥികളുടെ അന്തർ കോളേജ് മാറ്റം സംഭവിക്കുമ്പോൾ, ടി സ്കോളർഷിപ്പ് പുനർനിർണയിക്കുന്നതിനുള്ള നടപടികൾ അതാത് കോളേജ് മേധാവികൾ സ്വീകരിക്കേണ്ടതും ടി സ്കോളർഷിപ്പ് തുടർവർഷങ്ങളിൽ അനുവദിക്കുന്നതിലേക്കായുള്ള അനുമതിക്കായി അക്കാഡമിക്സ് ആൻറ് റിസർച്ച് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

സൂചന (1)  ലെ ഉത്തരവുകൾ മേൽ പ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

// അക്കാദമിക് കൗൺസിലിന്റെ ഉത്തരവിന് പ്രകാരം //

**പ്രൊഫ. (ഡോ.) സി. ലത**
**ഡയറക്ടർ (അകാദമിക്സ് & റിസർച്ച്)**

സ്വീകർത്താവ്:1. ഡീൻ, സി.വി.എ.എസ് , പൂക്കോട്/ മണ്ണുത്തി
2. ഡീൻ വി.കെ.ഐ.ഡി.എഫ്.റ്റി, മണ്ണുത്തി
3. സ്പെഷ്യൽ ഓഫീസർ,സി.ഡി.എസ്.റ്റി ,പൂക്കോട്/കോലഹലമേട്/തിരുവനന്തപുരം.
4. സ്പെഷ്യൽ ഓഫീസർ,സി.എ.എസ്.എം, തിരുവിഴാംകുന്ന്.

പകർപ്പ്: പി എസ് റ്റു വി സി / പി എ റ്റു രജിസ്ട്രാർ /സെക്ഷൻ ഓഫീസർ, A സെക്ഷൻ/കരുതൽ ശേഖരം/മിച്ചം

Approved By Prof. Dr. C. Latha (DIRECTOR (ACADEMICS AND RESEARCH)) on 22/05/2023 09:30 AM
(The document is digitally approved and does not require any Seal or Signature in original)